# ഭരതനാട്യവേദിയിലെ ചന്ദ്രശോഭ



കൊച്ചി: ദേശ ഭാഷകൾക്ക
പ്പുറത്ത് നടന താളങ്ങളെ
മാത്രം ധ്യാനിച്ച ചന്ദ്രയെന്ന
ജർമൻകാരി അരങ്ങേറ്റത്തി
ൻെറ ധന്യതയിൽ. കൈ
രളിയുടെ തിരുമുറ്റത്ത്
ഈ മാസം 30ന് ചന്ദ്ര
യുടെ ചിലങ്കകൾ അര
ങ്ങേറ്റ താളം ചവിട്ടും.
-ഭാവതാള നടന സമ
ന്വയ ചാരുതയോടെ, എറണാകു
ളം ഫൈൻ ആർട്സ് ഹാളിൽ
വൈകിട്ട് 6.30നാണ് ചന്ദ്ര
യുടെ ഭരതനാട്യം. ധരണി
ആർട്സ് ട്രസ്റ്റിൻെറ മാ
നേജിംഗ് ട്രസ്റ്റിയും പ്രശ
സ്ത
നർത്തകിയുമായ
ശ്യാമള സുരേന്ദ്ര
ൻെറ ശിക്ഷണ
ത്തിലാണ്
ഭരതനാട്യം അഭ്യസിച്ചത്.

സിമോൺ ബാർ വിഷ്
എന്നാണ് ചന്ദ്രയുടെ യ
ഥാർഥ പേര്. ചെറുപ്പംമുത
ലേ നൃത്തത്തിലും സംഗീതത്തി
ലും താത്പര്യമുണ്ടായിരുന്നു.
വർഷങ്ങളോളം ജർമനിയിലെ മ്യൂണി
ക്കിൽ ഈജിപ്ത് നൃത്തമായ 'രക്ഷാർക്കി'
അഭ്യസിച്ചു. 1997-ൽ സംഘടിപ്പിച്ച ഭരത
നാട്യത്തെക്കുറിച്ചുള്ള ശില്പശാലയിലാണ്
ആദ്യമായി ചന്ദ്ര ഇന്ത്യൻ നൃത്തരൂപങ്ങളിൽ
ആകൃഷ്ടയായത്. തുടർന്ന്, 2000-ൽ ഇ
ന്ത്യയിലെത്തി. കൊച്ചിയിലെ ധരണി
ആർട്സ് ട്രസ്റ്റിൽ നിരവധി ആഴ്ചകൾ നൃത്തം പഠിച്ചു.

ഇതിനുപുറമെ, കർണാടകസംഗീതത്തിലും പരിശീലനം
നേടി. ശ്യാമള സുരേന്ദ്രനായിരുന്നു സംഗീതത്തിലും നൃത്തത്തി
ലും ഗുരു. പത്മഭൂഷൺ അവാർഡ് നേടിയ കലാനിധി നാരാ
യണൻെറ കീഴിലാണ് അഭിനയം വശമാക്കിയത്.